## സഹൃദയ കാരുണ്യ ഇൻഷുറൻസ് പദ്ധതി

എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സഹൃദയ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ കാരുണ്യ വർഷത്തോടനുബന്ധിച്ച് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നു. സഹൃദയ കാരുണ്യ ഇൻഷുറൻസ് പദ്ധതി എന്നാണ് ഇതിനു പേരിട്ടിരിക്കുന്നത്. വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുകൾ ഒഴിവാക്കുന്നതിനു കുടുംബകൂട്ടായ്മകളിലെ എല്ലാ അംഗങ്ങളെയും ഈ പദ്ധതിയിൽ ചേർക്കുന്നത് ഉചിതമാണ്. ജനുവരി യിലെ കർമ്മപദ്ധതിയായി നമ്മുടെ കൂട്ടായ്മകൾക്ക് ഇതു ചെയ്യാവുന്നതാണ്. കൂട്ടായ്മകളിൽ മെഡിക്കൽ ഇൻഷുറൻസ് എടുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു ഒരാൾ ബോധവൽക്കരണ ക്ലാസ്സ് എടുക്കുന്നതു നന്നായിരിക്കും. ഒരു കുടംബത്തിലെ എല്ലാ അംഗങ്ങലും ഇൻഷുറൻസിൽ ചേരുമ്പോൾ പ്രീമിയം തുക ഒരിക്കലും നഷ്ടമാകില്ല. ആവശ്യമായ ബോധവൽക്കരണത്തിനു ശേഷം ഈ പദ്ധതി നമ്മുടെ കൂട്ടായ്മകളിൽ നടപ്പിലാക്കുക.

**ഇൻഷുറൻസ് പദ്ധതിയുടെ സവിശേഷതകൾ**

1. പ്രീമിയം തുക ഒരു വ്യക്തിക്കു ഒരു വർഷത്തേക്കു 490 രൂപ മാത്രമാണ്.
2. ഒരു വ്യക്തിക്കു ഒരു വർഷത്തേക്കു പരമാവധി 50,000 രൂപ വരെ ചികിത്സാ ചെലവു ലഭിക്കുന്നു.
3. നിലവിലുള്ള അസുഖങ്ങൾക്കും പോളിസിയുടെ അഞ്ചാം മാസം മുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നു.
4. ഡയാലിസിസ്, കീമോ തെറാപ്പി, റേഡിയോ തെറാപ്പി, കണ്ണ് ചികിത്സ എന്നിവക്ക് 24 മണിക്കൂർ കിടത്തി ചികിത്സ ബാധകമല്ല.
5. പ്രസവാനുകൂല്യമായി, സാധാരണ പ്രസവത്തിനു 1500 രൂപയും സിസേറിയനു 20,000 രൂപയും ലഭിക്കുന്നതാണ്.
6. ഗവൺമെന്റ് ആയുർവേദ ആശുപത്രികൾ, സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ കിടത്തി ചികിത്സക്ക് ആനുകൂല്യങ്ങൾ ലഭ്യമാണ്.

ഈ പദ്ധതിയെക്കുറിച്ചു വിശദവിവരങ്ങൾ വികാരിയച്ചൻമാരിൽ നിന്നും ലഭ്യമാണ്. അതു പോലെ തന്നെ, സഹൃദയ വെൽഫെയർ സെന്ററുമായും, ഇൻഷുറൻസ് കമ്പനിയുമായും  ബന്ധപ്പെട്ടു കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ-

സഹൃദയ വെൽഫെയർ സെന്റർ- 0484-2375204

നീമ ജോർജ് (യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്) - 8606176555

ജോബി കെ.ജെ. (യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്) - 8606071333